**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826** **09-12-2022 - ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ പച്ചത്തേങ്ങ സംഭരണ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പുന്നയൂർക്കുളം സർവ്വീസ് സഹകരണ ബാങ്ക് (നമ്പർ 417) മുഖേനയുള്ള പച്ചത്തേങ്ങ സംഭരണത്തിന്റെ ഉദ്ഘാടനം 02-12-2022 -ന് നടന്നു. തുടർന്ന് ടി സംഘം മുഖേനയുള്ള പച്ചത്തേങ്ങ സംഭരണം 06-12-2022 മുതൽ ആരംഭിക്കുകയും അന്നേ ദിവസം 2 കർഷകരിൽ നിന്നായി 466 കി.ഗ്രാം പച്ചത്തേങ്ങ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. ടി സർവ്വീസ് സഹകരണ ബാങ്ക് കേരഫെഡിനാണ് പച്ചത്തേങ്ങ സംഭരിച്ച് നൽകുന്നത്. കൂടാതെ ഗുരുവായൂർ മണ്ഡലത്തിലെ കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് പച്ചത്തേങ്ങ സംഭരണത്തിനുള്ള അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ അംഗങ്ങളായിട്ടുള്ള ജില്ലാതല സമിതി പരിശോധിച്ചുവരുന്നു. |
| (ബി) | തൃശ്ശൂർ ജില്ലയിൽ കേരഫെഡിന്റെ സംഭരണകേന്ദ്രങ്ങൾ, നാളികേര സംഭരണത്തിനായുള്ള സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | കേരഫെഡ് നേരിട്ടും വിവിധ സഹകരണ സംഘങ്ങൾ/FPOകൾ/കാർഷിക കർമ്മസേനകൾ എന്നിവ മുഖേനയും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) യുടെ നേതൃത്ത്വത്തിലുള്ള സ്വാശ്രയ വിപണികൾ ഉൾപ്പെടെയുള്ള കേന്ദ്രങ്ങൾ വഴിയും കേരഫെഡ് പച്ചത്തേങ്ങ സംഭരിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിലെ സംഭരണ കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**എ.** <u>കേരഫെഡിന്റെ നേരിട്ടുള്ള സംഭരണ കേന്ദ്രം</u><br><br>1. സെയിൽസ് പോയിന്റ്, പൂച്ചനിപ്പാടം |

| | | | |
|---|---|---|---|
| | | | **ബി.**<u>കേരഫെഡ് സഹകരണസംഘങ്ങൾ/FPO/മറ്റുള്ള ഏജൻസികൾ മുഖേന സംഭരിക്കുന്ന കേന്ദ്രങ്ങൾ</u><br><br>1. ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ഔട്ട് ലെറ്റ് നമ്പർ 1. പുത്തൂർ<br><br>2.പാവറട്ടി കാർഷിക കർമ്മ സേന<br><br>3.അന്തിക്കാട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി<br><br>4.പുന്നയൂർക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം പി.417, പുന്നയൂർക്കുളം പി ഒ, ചാവക്കാട്<br><br>അന്തിക്കാട് മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം ആർ.1133, അന്തിക്കാട്.പി.ഒ, തൃശ്ശൂർ.<br><br>പഴയന്നൂർ ബ്ലോക്ക് മാർക്കറ്റിങ്ങ് കോ ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ 890<br><br>**സി.** <u>കേരഫെഡ്-VFPCK യുടെ സ്വാശ്രയ സംഘങ്ങൾ മുഖേന സംഭരിക്കുന്ന കേന്ദ്രം</u><br><br>1.പാണഞ്ചേരി |

സെക്ഷൻ ഓഫീസർ